## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :5891 19.11.2019-ലെ മറുപടിക്ക്

## ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിലെ മുന്നേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിൽ എന്തൊക്കെ മുന്നേറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ കിൻഫ്ര ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റൈപെനിംഗ് ചേംബർ, വെയർ ഹൗസ്, പായ്ക്ക് ഹൗസ്, സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. പാർക്കിന്റെ 98 % നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 9 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.<br>സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. സമുദ്രോത്പന്ന സംസ്കരണം, മൂല്യ വർദ്ധിത |

| | |
|---|---|
| | ഉത്പന്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഫുഡ് പാർക്കാണ് സ്ഥാപിതമാകുന്നത്. പ്രസ്തുത ഫുഡ് പാർക്ക് മുഖേന കേന്ദ്രീകൃത സമുദ്രോത്പന്ന സംസ്കരണ കേന്ദ്രങ്ങളും സമുദ്രോത്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപാദനവും അവയുടെ സംസ്കരണവും ശേഖരണവുമാണ് ലക്ഷ്യമിടുന്നത്. ഇതുവഴി മത്സ്യ ബന്ധന മേഖലയ്ക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഫുഡ് പാർക്കിൽ സംസ്കരണ മൂല്യവർദ്ധിത പ്ലാൻറുകൾക്ക് പുറമെ ഭക്ഷ്യ വസ്തുക്കൾ നശിച്ചു പോകാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് പ്ലാൻറുകളും വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈപ്പിൻ, മുനമ്പം, തോപ്പുംപടി ഹാർബറുകളോട് ചേർന്ന് സമുദ്രോത്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനുള്ള പ്ലാൻറുകളും ചേർത്തല ഫുഡ് പാർക്കിന് അനുബന്ധമായി സ്ഥാപിതമാകുന്നു. ചേർത്തല ഫുഡ് പാർക്ക് മുഖേന സമുദ്രോത്പന്ന ഭക്ഷ്യ സംസ്കരണ മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുവാൻ സാധിക്കും. ഏകദേശം 3000 ത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങളാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |
| (ബി) സംസ്ഥാനത്തിന്റെ തനത് വിഭവങ്ങൾ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; | (ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് ആകെ സ്ഥിര മൂലധനത്തിന്റെ 15 % നിക്ഷേപ സബ്സിഡി നൽകി വരുമ്പോൾ മുൻഗണന വ്യവസായത്തിൽ ഉൾപ്പെടുത്തി കാർഷികോല്പന്നങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള വ്യവസായങ്ങൾക്ക് 10% അധിക സബ്സിഡി അനുവദിച്ച് വരുന്നു. |

| | |
|---|---|
| (സി) ചെറുകിട വ്യവസായ മേഖലക്ക് വ്യവസായ വകുപ്പ് സാങ്കേതിക സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ? | (സി) ചുവടെ വിവരിക്കുന്ന പദ്ധതികൾ മുഖാന്തിരം ചെറുകിട സംരംഭകർക്ക് സാങ്കേതിക സഹായത്തിന് ആനുകൂല്യം നൽകി വരുന്നു.<br>**എ. സംരംഭക സഹായ പദ്ധതി** പ്രകാരം സാങ്കേതിക സഹായം നൽകുന്നതിനുള്ള മാർഗ രേഖ ചുവടെ ചേർക്കുന്നു.<br>1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ, വനിത സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.<br>2. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.<br><br>**ബി. സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി**<br><br>നിലവിലുള്ള വ്യവസായ ബിസിനസ്സ് സംരംഭങ്ങൾക്ക് അവരുടെ സാങ്കേതിക ആവശ്യങ്ങളെ അഭിസംബോധന ചെയ്ത് ആയത് നിവർത്തിക്കുന്നതിന് സർവ്വകലാശാലകൾക്കും, ഗവേഷണ സ്ഥാപനങ്ങൾക്കും, സാങ്കേതികദാതാക്കൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. മേൽ വിവരിച്ചതിനു പുറമേ ചുവടെ വിവരിക്കുന്ന പരിശീലന പരിപാടികളും സാങ്കേതിക |

| | |
|---|---|
| | അറിവ് നൽകുന്നതിന് സംരഭകർക്കായി നടത്തി വരുന്നുണ്ട്.<br>**i) ടെക്നോളജി ക്ലിനിക്ക്**<br>MSME മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും സംരംഭകർക്ക് സാങ്കേതികമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പരിപാടി.<br>**ii) ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം**<br>ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനം. ജില്ലകളിലെ അനുയോജ്യ മേഖലയിൽ നൽകുന്ന നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം, ILO പരിശീലനവും നൽകുന്നുണ്ട്. |

Shabna.

**സെക്ഷൻ ഓഫീസർ**